ഏറെറടുത്ത് നിറവേറേണ്ടതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അത് ഗവൺമെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണ്. ഇതിന് ആഗ്രഹമില്ലാഞ്ഞിട്ടല്ല. ഒരു ബുദ്ധിമുട്ടെന്നു പറയുന്നത് ഈ വർഷം ഇതുപോലുള്ള ചെറുകിട മരാമത്ത് പണികൾക്കുവേണ്ടി ആറരലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകകൊള്ളിക്കാൻ കഴിഞ്ഞിരിക്കുന്നത്. ഫണ്ടിൻെറ അപര്യാപ്തതയാണ് ഇങ്ങനെയുള്ള കാര്യങ്ങൾ ഏറെറടുക്കാൻ കഴിയാതെ വരുന്നത്. മറെറ പ്രാഥമിക സൗകര്യങ്ങളും അത്യാവശ്യ കാര്യങ്ങളും നമ്മുടെ ഗവൺമെൻറ് സ്ക്കൂളുകൾക്കെല്ലാം ചെയ്തു കൊടുക്കാൻ കഴിഞ്ഞു എന്നുള്ളത് ഏറെറവും വലിയ ഒരു കാര്യമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഗവൺമെൻറിൻെറ പരിഗണനയിൽ ഉണ്ട്. കഴിയുന്നതും വേഗം അതിന് പരിഹാരമുണ്ടാക്കിത്തരാനുള്ള ശ്രമം ഗവൺമെൻറ് നടത്തുന്നതാണ്.

(4) കറുകച്ചാൽ പോലീസ് സ്റേറഷനതിർത്തിയിൽ നടന്ന കവർച്ച

ശ്രീ. കാനം രാജേന്ദ്രൻ : സർ, എൻെറ മണ്ഡലത്തിൽപ്പെട്ട കറുകച്ചാൽ പോലീസ് സ്റേറഷൻ അതിർത്തിയിൽ നെടുംകുന്നം ചേരകുളത്തു ശ്രീ. സി. വി. ദേവസ്യയുടെ വീട്ടിൽ വോട്ടേഴ്സ്ലിസ്റിൽ പേരു ചേർക്കാൻ എന്നു പറഞ്ഞ് പകൽ മൂന്നു മണിക്ക് രണ്ടു പെറുപ്പക്കാർ ചെല്ലുകയും അദ്ദേഹത്തിൻെറ ഭാര്യയെ കഠാര കാണിച്ച് ഭീഷണിപ്പെടുത്തി എല്ലാ സ്വർണ്ണാഭരണങ്ങളും പണവും ആ വീട്ടിൽനിന്നും എടുത്തുകൊണ്ട് പോകുകയും ചെയ്തു. നഴ്സറി സ്ക്കൂൾ വിട്ടുവന്ന ഒരു കൊച്ചു കുട്ടിയെ കുളിമുറിക്കുള്ളിൽ ഇട്ട് പൂട്ടുകയും എല്ലാ ആഭരണങ്ങളും പണവും എടുത്തു കഴിഞ്ഞതിനുശേഷം, ആ സ്ത്രീയേയും അക്രമികൾ കുളിമുറിക്കുള്ളിലിട്ട് പൂട്ടി രക്ഷപ്പെടുകയുമാണുണ്ടായത്. അതിനെക്കുറിച്ച് അന്വേഷണമൊക്കെ നടന്ന് ആഴ്ചകൾ കഴിഞ്ഞെങ്കിലും പ്രതിയെ പിടിച്ചിട്ടില്ല. ഇപ്പോൾ കാര്യമായ അന്വേഷണവും നടക്കുന്നില്ല. അടിയന്തിരമായി അന്വേഷണം നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഒരു ദിവസം പകൽ എന്യൂമറേഷൻ എന്ന് പറഞ്ഞ് രണ്ടു ആളുകൾ വന്നു ആ വീട്ടിൽ നടത്തിയ സംഭവങ്ങൾ വളരെ വിശദമായി ബഹുമാനപ്പെട്ട മെമ്പർ സംസ്കരിച്ചു കഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഞാൻ ആവർത്തിക്കുന്നില്ല. ഈ കാര്യം ഡി. വൈ. എസ്. പി. യുടെ നേതൃത്വത്തിൽ ഒരു ടീം അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കേണ്ട ആവശ്യം വരുകയാണെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്. ഇപ്പോഴത്തെ നിലയിൽ അന്വേഷണം നന്നായിട്ട് പ്രോഗ്രസ് ചെയ്യുന്നുണ്ട്.

(5) പാനൂരിൽ 110 കെ. വി. സബ് സ്റേറഷൻ സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, എൻെറ നിയോജകമണ്ഡലത്തിൽ പാനൂരിൽ നിർമ്മിക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 110 കെ. വി. സബ് സ്റേറഷൻെറ നിർമ്മാണ ജോലികൾ ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കണ്ണൂർ ജില്ലയിൽത്തന്നെ വോൾട്ടേജ് വളരെ കമ്മിയാണ്. അതിൽ ഏറെറവും രൂക്ഷമായ സാഹചര്യമാണ് എൻെറ നിയോജകമണ്ഡലത്തിലുള്ളത്. ഈ സാഹചര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കണക്കിലെടുത്ത് 25-9-1986-ന് പാനൂരിൽ 110 കെ. വി. സബ്സ്റ്റേഷൻ ഉണ്ടാക്കുന്നതിനുവേണ്ടി ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ച് അനുവാദം കൊടുത്തിട്ടുണ്ട്. പാനൂർ, ചൊക്ലി, തലശ്ശേരി, ധർമ്മടം, കതിരൂർ, കൂത്തുപറമ്പ് എന്നീ സെക്ഷനുകളിൽ 51000-ത്തോളം കൺസ്യൂമേഴ്സ് ആണുള്ളത്. ഇപ്പോഴത്തെ തലശ്ശേരി 66 കെ. വി. സബ്സ്റ്റേഷനിൽ നിന്നാണ് ഇങ്ങോട്ട് ഫീഡിങ്ങ് നടക്കുന്നത്. 20 കിലോമീറ്റർ മുതൽ 25 കിലോമീറ്റർ വരെ ദൂരം ഈ ഇലക്ട്രിസിറ്റി പാസ് ചെയ്ത് അതിന്റെ മറ്റ് കേന്ദ്രങ്ങളിൽ എത്തുമ്പോഴേക്കും വോൾട്ടേജ് പറെ കുറയുകയാണ്. വളരെ മോശമായ അവസ്ഥയാണ് അവിടെ വോൾട്ടേജിന്റെ കാര്യത്തിൽ ഉള്ളത്. ഫിലമെന്റ് കാണുന്നതുകൊണ്ട് തീപ്പെട്ടിക്കൊള്ളി ഉരച്ചുനോക്കേണ്ട സ്ഥിതിയാണ് അവിടെയുള്ളത്. അതുകൊണ്ട് ഈ കാര്യം കണക്കിലെടുത്തുകൊണ്ട് ഇത് ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സൈറ്റ് അപ്രൂവലിനുവേണ്ടി ഗവൺമെൻറിലേക്ക് അയച്ചിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏതായിരുന്നാലും വളരെ പെട്ടെന്നുതന്നെ ഈ കാര്യം കണക്കിലെടുത്ത് ഇതിനാവശ്യമായ നടപടികളെടുത്ത് അവിടെ അനുഭവപ്പെടുന്ന വോൾട്ടേജ് കുറവ് പരിഹരിക്കുന്നതിന് മുന്നോട്ടു വരണമെന്ന് ഞാൻ വിനയപൂർവം അപേക്ഷിക്കുകയാണ്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തിൽ, തലശ്ശേരിയിലെ 66 കെ.വി. സബ്സ്റ്റേഷൻ 110 കെ. വി. സബ്സ്റ്റേഷനാക്കി മാറ്റുന്നതിനുള്ള നടപടികളൊക്കെ മിക്കവാറും പൂർത്തിയായിക്കഴിഞ്ഞു. പക്ഷെ രണ്ടു കിലോമീറ്റർ ദൂരം 110 കെ. വി. ലൈൻ വലിക്കുന്ന കാര്യത്തിൽ അവിടത്തെ വസ്തു ഉടമസ്ഥൻമാർ തടയുകയും കോടതിയിൽ പോവുകയും ചെയ്തിരിക്കുന്നതുകൊണ്ട് അതിതുവരെ കമ്മിഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. തലശ്ശേരിയിലെ 66 കെ. വി. സബ്സ്റ്റേഷൻ 110 കെ. വി. സബ്സ്റ്റേഷനാക്കി മാറ്റുന്നതോടുകൂടി ഈ പ്രദേശങ്ങളിൽ കുറച്ച് മാറ്റങ്ങളും ഇക്കാര്യത്തിൽ ഉണ്ടാക്കുവാൻ കഴിയും. പക്ഷേ അദ്ദേഹം പറഞ്ഞത് അവിടെ ഒരു പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനെക്കുറിച്ചാണ്. പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളും വിദ്യുച്ഛക്തി ബോർഡിനു ലഭിക്കുന്ന മുറയ്ക്ക് അതിന്റെ സാങ്കേതികത്വം പരിശോധിച്ചിട്ടു വേണ്ട നടപടികളും നടത്താമെന്ന് വിദ്യുച്ഛക്തി ബോർഡ് സമ്മതിച്ചിട്ടുണ്ട്. ആ നടപടികളും ഇപ്പോൾ പ്രാരംഭദിശയിലാണ്. അതിനുമുമ്പു തന്നെ പാനൂർ, ചൊക്ലി, ന്യൂമാഹി എന്നീ പ്രദേശങ്ങളിലെ വോൾട്ടേജ് കുറവ് നികത്തുന്നതിനാവശ്യമായ 110 കെ. വി. സബ്സ്റ്റേഷന്റെ പണി, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ എത്താണ്ട് പൂർത്തിയായി. പക്ഷേ ലൈൻ വലിക്കുവാൻ അനുവദിക്കില്ലെന്നുള്ളതാണ്.

മലബാറിനെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേകതയെക്കുറിച്ച് ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. മലബാറിൽ പ്രോജക്ട് ഉണ്ടാകാനോ സബ്സ്റ്റേഷൻ ഉണ്ടാകാനോ സമ്മതിക്കുകയില്ല. അവിടെ ഒരുകൂട്ടം ആളുകളുടെ ശല്യം തുടങ്ങിയിരിക്കുകയാണ്. അത് ഇവിടെ പറയാതിരിക്കാൻ നിവൃത്തിയില്ല. മലബാറിൽ നാലോ അഞ്ചോ സബ്സ്റ്റേഷന്റെ പണി പൂർത്തിയായിക്കിടക്കുകയാണ്. ഒരിടത്തും ലൈൻ വലിക്കാൻ സമ്മതിക്കാത്തതുകൊണ്ട് പല സബ്സ്റ്റേഷനുകളും ഒന്നും ഒന്നരയും കോടി രൂപ ചെലവാക്കി വിദ്യുച്ഛക്തി ബോർഡ് ആരംഭിച്ചിട്ട് വെറുതെ കിടക്കുകയാണ്. അവിടെ ബാക്കി പണിയൊന്നും നടക്കുന്നില്ല. അതുപോലെ തലശ്ശേരി, മട്ടന്നൂർ, കോഴിക്കോട് യൂണിവേഴ്സിറ്റിയ്ക്കടുത്തുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശങ്ങളിലൊക്കെ സബ്സ്റ്റേഷനുകളുടെ പണി പൂർത്തിയായിക്കിടക്കുകയാണ്. അവിടെയൊന്നും ലൈൻ വലിക്കാൻ ആളുകളെ അനുവദിക്കാത്തതുകൊണ്ട് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ മലബാറിലെ ബഹുമാനപ്പെട്ട അംഗങ്ങളെ ശ്രദ്ധിക്കണം.

.....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അവിടത്തെ ചില മുതലാളിമാരും മന്ത്രിയും തമ്മിലുള്ള ഒത്തുകളിയാണ് അവിടെ നടക്കുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഒത്തുകളിക്കാൻ ശ്രീ. ബാലകൃഷ്ണനെ അറിയുകയുള്ളൂ. ഞങ്ങളറിയില്ല. ഒത്തുകളിയൊക്കെ നടക്കുന്നത് നിങ്ങളുടെ ഭാഗത്താണ്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലമായ തലശ്ശേരിയിൽ 110 കെ. വി. സബ്സ്റ്റേഷന്റെ പണി പൂർത്തിയായിട്ട് രണ്ടു കിലോമീറ്റർ ദൂരം ലൈൻ വലിക്കാൻ സാധിക്കാതെ കിടക്കുകയാണ്. അതെങ്ങനെയാണ് ഒത്തുകളിയാകുന്നത് ? അതൊ അന്വേഷിക്കണം.....

....(ബഹളം).....

ഉത്തരവാദിത്വമില്ലാത്ത കാര്യങ്ങളൊ നിയമസഭയിൽ പറയരുത്. വിദ്യുച്ഛക്തി ബോർഡോ, മന്ത്രിയോ, ഗവൺമെന്റോ ഒത്തുകളിച്ചുവെന്ന് ആരെങ്കിലും ബോദ്ധ്യപ്പെടുത്തിയാൽ അന്നേദിവസംതന്നെ ഞാൻ ഈ കസേര ഒഴിയാൻ തയ്യാറാണ്. ഇവിടെ പറയുന്നതിനു ചില ന്യായങ്ങളൊക്കെയുണ്ട്. ഇപ്പോഴും എന്തും പറയാം എന്നുള്ള അവസ്ഥയാണ്. മലബാറിലല്ലാതെ ഇതിരുകൊച്ചി പ്രദേശങ്ങളിലൊരിടത്തും ഇത്തരം സ്ഥിതിയില്ല. സർവ്വരാഷ്ട്രീയ കക്ഷികളും നമ്മുടെ ഡപ്യൂട്ടി മുഖ്യമന്ത്രിയുംപ്പെടെയുള്ളവർ ഇതിനുവേണ്ടി ശ്രമിച്ചു. അവർ സമ്മതിക്കുന്നില്ല. കോഴിക്കോട് യൂണിവേഴ്സിറ്റിക്കടുത്തുള്ള ഒരു സബ്സ്റ്റേഷന്റെ പണി മൂന്നു മൂന്നര കൊല്ലത്തോളമായി പൂർത്തിയായിക്കിടക്കുകയാണ്. ബേപ്പൂർ, മട്ടന്നൂർ, തലശ്ശേരി എന്നീ സ്ഥലങ്ങളിലൊക്കെ ഇത്തരം പ്രശ്നങ്ങളുണ്ട്. കുറ്റ്യാടി-കണ്ണൂർ ലൈൻ വലിച്ച് പൂർത്തിയാക്കാൻവേണ്ടി നാലു കൊല്ലം കഴിഞ്ഞു. അവസാനം ഗവൺമെന്റ് സ്ഥലം അക്വയർ ചെയ്തതാണ് ലൈൻ പൂർത്തിയാക്കിയത്. ഇക്കാര്യത്തിൽ ആരും ഒരു താൽപ്പര്യവും കാണിക്കുന്നില്ല. മലബാറിലെ ഈ പ്രശ്നത്തിന് അവിടത്തെ അംഗങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഒരു പരിഹാരമുണ്ടാക്കണം. ഇക്കാര്യത്തിൽ ഞങ്ങൾ എത്ര വിചാരിച്ചാലും നടക്കുന്നില്ല. അതാണ് സ്ഥിതിവിശേഷം. തലശ്ശേരിയിൽ ഉണ്ടായിരിക്കുന്നതും ഇതുതന്നെയാണ്. അതുകൊണ്ട് ഇതിന് പരിഹാരമുണ്ടാക്കണം.

ശ്രീ. ഇ. കെ. നായനാർ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ചോദ്യത്തിന്റെ മറുപടിയല്ല ഇവിടെ പറഞ്ഞത്. മലബാറിനെ ആകെ അപമാനിക്കാൻവേണ്ടിയാണ് പറഞ്ഞത്. ഒരു മന്ത്രി മലബാറിനെക്കുറിച്ച് ഇവിടെവച്ച് പുലമ്പിയാൽ ആരും വകവയ്ക്കില്ല. ഒന്നുകിൽ അവിടത്തെ എം. എൽ. എ. മാരെ വിളിച്ച് ചർച്ച ചെയ്യണം, അല്ലെങ്കിൽ ഞങ്ങളോട് അന്വേഷിക്കണം. അല്ലാതെ മലബാറിനെക്കുറിച്ച് ഒരു മന്ത്രി പറഞ്ഞാൽ ഞങ്ങൾ കൂട്ടാക്കില്ല.

മി. സ്പീക്കർ : There is no point of order. മലബാറിനെ ആകെ പിക്കാൻവേണ്ടി അദ്ദേഹം പറഞ്ഞതല്ല. ബഹുമാനപ്പെട്ട മന്ത്രി വളരെ സൗദ്ദേഹത്തോടുകൂടി പറഞ്ഞതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : മലബാർ ഞങ്ങളുടേയുംകൂടി വക യാണ്. മലബാറിലെ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തടസ്സങ്ങൾ മാറ്റുന്നതിന് സഭയുടേയും അങ്ങയുടേയും സഹായസഹകരണം വേണമെന്നേ ഗവൺമെന്റ് പറഞ്ഞുള്ളു.

.....(ബഹളം).....

മി. സ്പീക്കർ : അദ്ദേഹം വളരെ സമുദ്ദേശ്യത്തോടുകൂടി പറഞ്ഞ താണ്, ആരെയും മുറിപ്പെടുത്തുവാൻ പറഞ്ഞതല്ല.

(6) ചുഴലിക്കാറ്റുമൂലം നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

ശ്രീ. എം. കെ. കേശവൻ : സർ, 14-11-1986 രാത്രിയിൽ ഉണ്ടായ ചുഴലി ക്കാറ്റിന്റെ ഫലമായി വൈക്കം താലൂക്കിലെ മറവൻതുരുത്ത് പഞ്ചായത്തിൽ രണ്ടാം വാർഡിൽ കിഴക്കേതിൽ കേശവനെന്ന ആളിന്റെ ഇരുപത്തയ്യായിരത്തി ലേറെ രൂപ വിലവരുന്ന വീടിന്റെ പുറത്ത് ഒരു വലിയ വൃക്ഷം മറിഞ്ഞു വീണ് വീട് പൂർണ്ണമായും നശിച്ചുപോയി. അതുപോലെ തലയോലപ്പറമ്പ് പഞ്ചായത്തിലെ അഞ്ചാംവാർഡിൽ ചെറുനിലത്ത് അലിയാർ, നാലുവള്ളത്തിൽ തങ്കപ്പൻ എന്നിവരുടെ വീടുകളും പൂർണ്ണമായും നശിക്കുകയും ആ പ്രദേ ശത്തുള്ള തെങ്ങ്, വാഴ, കമുക്, റബ്ബർ തുടങ്ങിയ കൃഷികൾക്ക് നാശ നഷ്ടങ്ങൾ ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. ഈ പ്രദേശത്ത് താമസിക്കുന്ന ആളുകളിൽ ഭൂരിപക്ഷവും കർഷകത്തൊഴിലാളികളും പാവപ്പെട്ട കൂലി വേലക്കാരുമാണ്. ഇങ്ങനെ നഷ്ടപ്പെട്ട വീടുകൾ വീണ്ടും കെട്ടിമേയാനുള്ള സാഹര്യം അവർക്കില്ലാത്തതുകൊണ്ട് അടിയന്തിരമായി അതിനെക്കുറിച്ച് അന്വേഷിച്ച് വീട് നഷ്ടപ്പെട്ടവർക്കും കൃഷി നഷ്ടപ്പെട്ടവർക്കും സാമ്പത്തിക സഹായം നൽകുവാനും വീടിന്റെ പുനർനിർമ്മാണം നടത്തുവാനും സഹായം എത്തിച്ചുകൊടുക്കണമെന്ന് ഞാൻ റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യങ്ങൾ പതിനാലാം തീയതി രാത്രിയിൽ മറവൻതുരുത്ത് പഞ്ചായത്തിലെ രണ്ടാം വാർഡിൽ കിഴക്കേതിൽ കേശവനെന്ന ആളിന്റെ വീടിന്റെ പുറത്ത് ഒരു മരംവീണ്, ആ വീട് പൂർണ്ണമായും നശിച്ചുപോയി. അതുപോലെ അഞ്ചാംവാർഡിൽ കുഞ്ഞൻ തങ്കപ്പൻ എന്ന ആളിന്റെ മൊ ത്തം പുര നശിച്ചുപോയിട്ടുണ്ട്. അലിയാർ എന്ന ആളിന്റെ വീടും ഇതു പോലെ നശിച്ചിട്ടുണ്ട്. വ്യാപകമായ ചുഴലിക്കാറ്റുണ്ടായതായി റിപ്പോർട്ടില്ല. കൃഷിക്കാർക്ക് ചില നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. അവർക്കെല്ലാം സഹായം കൊടുക്കുവാൻ വേണ്ട നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

(7) അനധികൃതമായ കുടിയൊഴിപ്പിക്കൽ

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, കഴിഞ്ഞ എഴുപത്തിയഞ്ചു കൊല്ല ക്കാലമായി കൈവശം വച്ച് താമസിച്ചുവരുന്ന ഒരു ഹരിജൻ കുടുംബത്തെ പോലീസിന്റെ സഹായത്തോടുകൂടി റോണക്ഷിയിൽ സ്വാധീനമുള്ള ചില ആളുകൾ ഒഴിപ്പിക്കുവാൻ ശ്രമിക്കുന്നു. ഇന്നാട്ടിലെ പാവപ്പെട്ട ഹരിജനങ്ങളെ സംരക്ഷിക്കുവാൻ എന്തെങ്കിലും അടിയന്തിര നടപടികൾ എടുക്കണമെന്ന വിഷയം ഞാൻ ഇവിടെ ഉന്നയിക്കുകയാണ്. പട്ടാമ്പി നിയോജകമണ്ഡല ത്തിലെ നെല്ലായ പഞ്ചായത്തിൽ എഴുവന്തല ഭാഗം പട്ടിശ്ശേരി ദേശത്ത് പടിയത്തുപ്പടി കോരന്റെ കുടുംബം കഴിഞ്ഞ എഴുപത്തിയഞ്ചു കൊല്ലങ്ങളായി

LIBRARY ARCHIVES Kerala Legislative Assembly